# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5932 04.11.2016-ലെ മറുപടിക്ക്

**ഹയർ സെക്കൻഡറി വിഭാഗത്തിൽ പുതുതായി അനുവദിച്ച അദ്ധ്യാപക തസ്തികകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഹയർ സെക്കൻഡറി വിഭാഗത്തിൽ പുതുതായി അനുവദിച്ച സ്കൂളുകൾക്കും ബാച്ചുകൾക്കുമായി അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ; | (എ) പുതുതായി അനുവദിച്ച ഹയർ സെക്കൻഡറി സ്കൂളുകളിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. എന്നാൽ ഇവ സൃഷ്ടിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവുകളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) ഇതനുസരിച്ച് ഓരോ ജില്ലയിലും ഹയർ സെക്കൻഡറി അനുവദിക്കപ്പെട്ട സ്കൂളുകളിലും അധിക ബാച്ചുകളിലും അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം, വിഷയം തിരിച്ച് സ്കൂളുകളുടെ പേരുകൾ സഹിതം ലഭ്യമാക്കാമോ; തസ്തികകൾ പൂർണ്ണമായും അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; | (ബി) (സി) തസ്തിക അനുവദിച്ചിട്ടില്ല. ഹയർ സെക്കൻഡറി അദ്ധ്യാപകരുടെ ജോലി ഭാരം പുനഃരവലോകനം ചെയ്യാനും ഓരോ സ്കൂളിലും ചട്ടപ്രകാരമുള്ള ഭൗതിക സാഹചര്യങ്ങൾ ഉണ്ടെന്ന് വിലയിരുത്തിയശേഷം ഓരോ സ്കൂളിലും ഓരോ വിഷയത്തിലുമുള്ള പീരിയഡ് അടിസ്ഥാനത്തിലുള്ള ജോലിഭാരം, അംഗീകൃത തസ്തികകൾ തുടങ്ങിയവ റീജ്യണൽ ഡെപ്യൂട്ടി തലത്തിൽ പരിശോധിച്ച് ഉറപ്പ് വരുത്തിയശേഷം വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടതനുസരിച്ച് ഹയർ സെക്കന്ററി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. തസ്തിക സൃഷ്ടിക്കൽ നടപടികൾ പൂർത്തിയായാൽ മാത്രമേ തസ്തികകളുടെ എണ്ണം സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാകുകയുള്ളൂ. |
| (സി) സർക്കാർ മേഖലയിൽ അനുവദിക്കപ്പെട്ട സ്കൂളുകൾക്കും ബാച്ചുകൾക്കും അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; 2014-15, 2015-16 വർഷങ്ങളിൽ സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം, വിഷയം തിരിച്ച് ലഭ്യമാക്കാമോ; | |

| | |
|---|---|
| (ഡി) ഹയർ സെക്കൻഡറി അദ്ധ്യാപകരുടെ പി. എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാനിരിക്കെ, സർക്കാർ മേഖലയിലെ മുഴുവൻ സ്കൂളുകളിലും ഹയർ സെക്കൻഡറി അദ്ധ്യാപക തസ്തികകൾ പൂർണ്ണമായും സൃഷ്ടിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) ഹയർ സെക്കന്ററി ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ നിലവിലുള്ള ചട്ടങ്ങളുടേയും നിബന്ധനകളുടേയും അടിസ്ഥാനത്തിൽ പരിശോധിച്ച് സർക്കാർ മേഖലയിലെ മുഴുവൻ സ്കൂളുകളിലും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ.**

## കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വിദ്യാഭ്യാസം - എയ്ഡഡ് - 2014-15, 2015-16 അധ്യയന വർഷങ്ങളിൽ എയ്ഡഡ് മേഖലയിൽ അനുവദിച്ച പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ - അദ്ധ്യാപകരുടെയും ലാബ് അസിസ്റ്റന്റുമാരുടെയും തസ്തികകൾ സൃഷ്ടിക്കാൻ തത്വത്തിൽ തീരുമാനിച്ച് ഉത്തരവാകുന്നു.

---

### പൊതു വിദ്യാഭ്യാസ (റ്റി) വകുപ്പ്

### സഉ(കൈ)നം.77/2016/പൊവി തീയതി,തിരുവനന്തപുരം11/04/2016

---

പരാമർശം:- (1) 31/07/2014-ലെ സഉ (കൈ) നം. 143/2014/പൊവി നമ്പർ സർക്കാർ ഉത്തരവ്

(2) 24/11/2014-ലെ സഉ (കൈ) നം. 247/2014/പൊവി നമ്പർ സർക്കാർ ഉത്തരവ്

(3) ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ 04/01/2016-ലെ എസി ഡി സി13/34033/എച്ച് എസ് ഇ/2016 നമ്പർ കത്ത്.

### ഉത്തരവ്

സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിൽ ഹയർ സെക്കന്ററി സ്കൂളുകൾ ഇല്ലാത്ത 148 പഞ്ചായത്തുകളിൽ ഒരു പഞ്ചായത്തിൽ ഒന്ന് എന്ന തോതിൽ പുതിയ ഹയർ സെക്കന്ററി സ്കൂളുകളും, എറണാകുളം മുതൽ വടക്കോട്ടുള്ള 8 ജില്ലകളിൽ നിലവിൽ ഹയർ സെക്കന്ററി സ്കൂളുകൾ ഉള്ള പഞ്ചായത്തുകളിൽ വിദ്യാഭ്യാസ ആവശ്യകതയുടെ അടിസ്ഥാനത്തിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ അധിക ഹയർ സെക്കന്ററി സ്കൂളുകളും അധിക ബാച്ചുകളും അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ഉത്തരവ് സർക്കാർ ഭേദഗതി ചെയ്തുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതനുസരിച്ച് തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 14 ജില്ലകളിൽ ഹയർ സെക്കന്ററി ഇല്ലാത്ത പഞ്ചായത്തുകളിൽ 2014-15, 2015-16 അധ്യയന വർഷങ്ങളിലേയ്ക്കായി പുതുതായി 87 എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളും, എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള 8 ജില്ലകളിലായി ഹയർ സെക്കന്ററി നിലവിലുള്ള പഞ്ചായത്തുകളിൽ വിദ്യാഭ്യാസ ആവശ്യകതയുടെ അടിസ്ഥാനത്തിൽ പുതുതായി 81 എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളും അനുവദിച്ച് ഉത്തരവായിരുന്നു. ഇപ്രകാരം അനുവദിച്ച എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ഹയർ സെക്കന്ററി അദ്ധ്യാപകരുടേയും ലാബ് അസിസ്റ്റന്റുമാരുടേയും തസ്തികകൾ സൃഷ്ടിക്കുന്നതിന് ഹയർ സെക്കന്ററി ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

(2) ഹയർസെക്കന്ററി ഡയറക്ടറുടെ ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. ശുപാർശയിൽ പറയുന്ന സ്കൂളുകളിൽ ചട്ടപ്രകാരമുള്ള ഭൗതിക സൗകര്യങ്ങൾ ഉണ്ടെന്നും ഓരോ ബാച്ചിലും മതിയായ എണ്ണം കുട്ടികൾ പഠിക്കുന്നുണ്ടെന്നും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തലത്തിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണമായിരുന്നു. ഓരോ സ്കൂളിലും ഓരോ വിഷയത്തിലുമുള്ള പീരിയഡ് അടിസ്ഥാനത്തിലുള്ള ജോലിഭാരം, അംഗീകൃത തസ്തികകൾ തുടങ്ങിയ വിശദാംശങ്ങൾ പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടില്ല. തസ്തിക സൃഷ്ടിക്കൽ വളരെ ശ്രദ്ധാപൂർവ്വം നിർവ്വഹിക്കേണ്ട കാര്യമാണെന്ന് സർക്കാർ കരുതുന്നു. അതുകൊണ്ട് തന്നെ സൂക്ഷ്മപരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രമേ ഓരോ

സ്കൂളിലും ഓരോ വിഷയത്തിലുമുള്ള തസ്തികകളുടെ അർഹത നിർണ്ണയിക്കാൻ കഴിയുക. ഇപ്രകാരം ചെയ്യുന്നത് പിന്നീടുള്ള പരാതികളും തർക്കങ്ങളും കോടതിവ്യവഹാരങ്ങളും ഒഴിവാക്കുവാൻ സഹായകമാകും.

(3) മേൽ വിവരിച്ച സാഹചര്യങ്ങൾ നിലനിൽക്കുന്നെങ്കിലും, 2014-15, 2015-16 അദ്ധ്യയനവർഷങ്ങളിൽ അനുവദിച്ച ഹയർസെക്കന്ററി ബാച്ചുകൾക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ആയതിനാൽ, ഹയർസെക്കന്ററി ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ ശുപാർശയുടെ അന്ത:സത്ത പ്രഥമാദൃഷ്യാ ബോദ്ധ്യപ്പെട്ടുകൊണ്ട്, 2014-15, 2015-16 അദ്ധ്യയനവർഷങ്ങളിൽ എയ്ഡഡ് മേഖലയിൽ പുതിയതായി അനുവദിച്ച ഹയർസെക്കന്ററി ബാച്ചുകൾക്ക് ആവശ്യമായ അദ്ധ്യാപക/ലാബ് അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിക്കാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ച് ഉത്തരവാകുന്നു.

4) പോരായ്മകൾ പരിഹരിച്ചുകൊണ്ടുള്ള ഒരു പ്രൊപ്പോസൽ ഹയർസെക്കന്ററി ഡയറക്ടർ 2016 ഏപ്രിൽ 30-നകം നൽകേണ്ടതും അതിന്മേൽ അടുത്ത അദ്ധ്യയനവർഷം പ്രാബല്യത്തിൽ തസ്തികകളുടെ എണ്ണം രേഖപ്പെടുത്തിക്കൊണ്ടുള്ള ക്രമപ്രകാരമുള്ള വിശദമായ ഉത്തരവ് പുറപ്പെടുവിക്കുന്നതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**വി.എസ്. സെന്തിൽ,**

ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.

ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഹയർസെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം, ചെങ്ങന്നൂർ, കോട്ടയം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ആഫീസർ, വെബ്& ന്യൂ മീഡിയ, തിരുവനന്തപുരം
(ഗവൺമെന്റ് വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
പൊതുഭരണ (എസ്.സി) വകുപ്പ് ( ഇനം നം.8292 തീയതി 10/02/2016 പ്രകാരം)
ധനകാര്യ വകുപ്പ് (27/02/2016-ലെ 14211/എഡ്യൂ.ബി1/16/ധന നമ്പർ പ്രകാരം)
പൊതുവിദ്യാഭ്യാസ (യു/എസ്.സി) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

(True copy)

**കേരള സർക്കാർ**

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വിദ്യാഭ്യാസം - 2014-15, 2015-16 അധ്യയന വർഷങ്ങളിൽ സർക്കാർ മേഖലയിൽ പുതുതായി അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിൽ ഹയർ സെക്കന്ററി അദ്ധ്യാപകരുടെയും ലാബ് അസിസ്റ്റന്റുമാരുടെയും തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നു.

---

**പൊതു വിദ്യാഭ്യാസ (യു) വകുപ്പ്**

**സ.ഉ.(കൈ.)നം.76/2016/പൊവി** **തീയതി,തിരുവനന്തപുരം 11/04/2016**

---

പരാമർശം:- (1) 31/07/2014-ലെ സ.ഉ. (കൈ.) നം. 143/2014/പൊവി നമ്പർ സർക്കാർ ഉത്തരവ് .
(2) 24/11/2014-ലെ സ.ഉ. (കൈ.) നം. 247/2014/പൊവി നമ്പർ സർക്കാർ ഉത്തരവ്
(3) ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ 04/01/2016-ലെ എസി ഡി സി3/34033/എച്ച് എസ് ഇ/2016 നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിൽ ഹയർ സെക്കന്ററി സ്കൂളുകൾ ഇല്ലാത്ത 148 പഞ്ചായത്തുകളിൽ ഒരു പഞ്ചായത്തിൽ ഒന്ന് എന്ന തോതിൽ പുതിയ ഹയർ സെക്കന്ററി സ്കൂളുകളും, എറണാകുളം മുതൽ വടക്കോട്ടുള്ള 8 ജില്ലകളിൽ നിലവിൽ ഹയർ സെക്കന്ററി സ്കൂളുകൾ ഉള്ള പഞ്ചായത്തുകളിൽ വിദ്യാഭ്യാസ ആവശ്യകതയുടെ അടിസ്ഥാനത്തിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ അധിക ഹയർ സെക്കന്ററി സ്കൂളുകളും അധിക ബാച്ചുകളും അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ഉത്തരവ് സർക്കാർ ഭേദഗതി ചെയ്തുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതനുസരിച്ച്

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 14 ജില്ലകളിൽ ഹയർ സെക്കന്ററി ഇല്ലാത്ത പഞ്ചായത്തുകളിൽ 2014-15, 2015-16 അധ്യയന വർഷങ്ങളിലേയ്ക്കായി പുതുതായി 47 ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളും എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള 8 ജില്ലകളിലായി ഹയർ സെക്കന്ററി നിലവിലുള്ള പഞ്ചായത്തുകളിൽ വിദ്യാഭ്യാസ ആവശ്യകതയുടെ അടിസ്ഥാനത്തിൽ പുതുതായി 20 ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളും അനുവദിച്ച് ഉത്തരവായിരുന്നു. അനുവദിച്ച ടി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിൽ ഹയർ സെക്കന്ററി അദ്ധ്യാപകരുടേയും ലാബ് അസിസ്റ്റന്റുമാരുടേയും തസ്തികകൾ സൃഷ്ടിക്കുന്നതിന് ഹയർ സെക്കന്ററി ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

(2) ഹയർസെക്കന്ററി ഡയറക്ടറുടെ ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. ശുപാർശയിൽ പറയുന്ന സ്കൂളുകളിൽ ചട്ടപ്രകാരമുള്ള ഭൗതിക സൗകര്യങ്ങൾ ഉണ്ടെന്നും ഓരോ ബാച്ചിലും മതിയായ എണ്ണം കുട്ടികൾ പഠിക്കുന്നുണ്ടെന്നും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തലത്തിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണമായിരുന്നു. ഓരോ സ്കൂളിലും ഓരോ വിഷയത്തിലുമുള്ള പീരിയഡ് അടിസ്ഥാനത്തിലുള്ള ജോലിഭാരം, അംഗീകൃത തസ്തികകൾ തുടങ്ങിയ വിശദാംശങ്ങൾ പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടില്ല. തസ്തിക സൃഷ്ടിക്കൽ വളരെ ശ്രദ്ധാപൂർവ്വം നിർവ്വഹിക്കേണ്ട കാര്യമാണെന്ന് സർക്കാർ കരുതുന്നു. അതുകൊണ്ട് തന്നെ സൂക്ഷ്മപരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രമേ ഓരോ സ്കൂളിലും ഓരോ വിഷയത്തിലുമുള്ള തസ്തികകളുടെ അർഹത നിർണ്ണയിക്കാൻ കഴിയുകയുള്ളൂ.

(3) മേൽ വിവരിച്ച സാഹചര്യങ്ങൾ നിലനിൽക്കുന്നെങ്കിലും 2014-15, 2015-16 അദ്ധ്യയനവർഷങ്ങളിൽ അനുവദിച്ച ഹയർസെക്കന്ററി ബാച്ചുകൾക്ക് ആവശ്യമായ തസ്തിക സൃഷ്ടിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ആയതിനാൽ ഹയർസെക്കന്ററി ഡയറക്ടർ ലഭ്യമാക്കിയ ശുപാർശയുടെ അന്ത:സത്ത പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ടുകൊണ്ട് 2014-15, 2015-16 അദ്ധ്യയനവർഷങ്ങളിൽ സർക്കാർ മേഖലയിൽ പുതിയതായി അനുവദിച്ച ഹയർസെക്കന്ററി ബാച്ചുകൾക്ക് ആവശ്യമായ അദ്ധ്യാപക-ലാബ് അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിക്കാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ച് ഉത്തരവാകുന്നു.

3

4) പോരായ്മകൾ പരിഹരിച്ചുകൊണ്ടുള്ള ഒരു പ്രൊപ്പോസൽ ഹയർസെക്കന്ററി
റക്ടർ ഏപ്രിൽ 30-നകം നൽകേണ്ടതും അതിന്മേൽ അടുത്ത അദ്ധ്യയനവർഷം
വലയത്തിൽ തസ്തികകളുടെ എണ്ണം രേഖപ്പെടുത്തിക്കൊണ്ടുള്ള ക്രമപ്രകാരമുള്ള വിശദമായ
രവ് പുറപ്പെടുവിക്കുന്നതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**വി. എസ്. സെന്തിൽ,**

ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.

യർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
യർസെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം, ചെങ്ങന്നൂർ, കോട്ടയം,
എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ആഫീസർ, വെബ്& ന്യൂ മീഡിയ, തിരുവനന്തപുരം
(ഗവൺമെന്റ് വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
പൊതുഭരണ (എസ്.സി) വകുപ്പ് ( ഇനം നം.8291 തീയതി 10/02/2016 പ്രകാരം)
ധനകാര്യ വകുപ്പ് (27/02/2016-ലെ 14209 /എഡ്യൂ B1/16/ധന നമ്പർ പ്രകാരം)
പൊതുവിദ്യാഭ്യാസ (റ്റി/എസ് സി) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

(ഒപ്പ്)

സെക്ഷൻ ഓഫീസർ.

പകർപ്പ് :
ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു: വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്.
പൊതു വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി (II) യുടെ സി എ യ്ക്ക്.

(True copy)

SO